# <u>ഹാഷിഷുമായി യുവതി പിടിയിൽ</u>

വിദേശത്തേക്ക് കടത്താൻ ശ്രമിച്ച ഒരു കിലോഗ്രാം ഇരുന്നൂറ്റിപ്പത്തു ഗ്രാം ഹാഷിഷുമായി യുവതി നെടുമ്പാശ്ശേരി വിമാനത്താവളത്തിൽ പിടിയിലായി. തൃശൂർ വെങ്ങിണിശേരി താഴേക്കാട്ടിൽ വീട്ടിൽ രാമിയ (33) ആണ് നെടുമ്പാശേരി പോലീസിൻറെ പിടിയിലായത്. ചൊവ്വാഴ്ച രാവിലെ 9 മണിയോടെ ബഹ്റനിലേക്ക് പോകാൻ എത്തിയതാണ് യുവതി. ഇൻറർനാഷണൽ ഡിപ്പാർച്ചർ ഹാളിൽ പരിശോധനയ്ക്കിടെ സംശയം തോന്നിയ സി.ഐ.എസ്.എഫ് പോലിസിനെ അറിയിക്കുകയായിരുന്നു. തുടർന്ന് പോലീസും സി.ഐ.എസ്.എഫും ചേർന്ന് നടത്തിയ വിശദമായ പരിശോധനയിലാണ് ഹാഷിഷ് ഓയിലാണെന്ന് കണ്ടെത്തിയത്. പിന്നീട് പോലിസ് യുവതിയെ അറസ്റ്റ് ചെയ്തു. സംഭവത്തെക്കുറിച്ച് വിശദമായ അന്വേഷണം നടത്തുമെന്ന് ജില്ലാ പോലിസ് മേധാവി കെ.കാർത്തിക് പറഞ്ഞു. എസ്.എച്ച്.ഒ പി. ശശികുമാർ, എസ്.ഐ സി.പി ബിനോയി, എ.എസ്.ഐ ബിജേഷ്, സി.പി.ഒ മാരായ പി.വി ജോസഫ്, രശ്മി പി. കൃഷ്ണൻ എന്നിവരാണ് അന്വേഷണ സംഘത്തിൽ ഉള്ളത്. കഴിഞ്ഞ ദിവസം നെടുമ്പാശ്ശേരി വിമാനത്താവളപരിസരങ്ങളിൽ പോലിസ് നടത്തിയ പരിശോധനയിൽ വിവിധ ആളുകളിൽ നിന്നായി നാല് കിലോയോളം നിരോധിത പുകയില ഉൽപ്പന്നങ്ങൾ പിടികൂടിയിരുന്നു.